## പ്രസിദ്ധീകരണത്തിന്

ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 23.04.2018

നിലമ്പൂർ - നഞ്ചൻകോട് റെയിൽവേപാത സ്ഥാപിക്കുന്നതിന് പിണറായി സർക്കാർ ഒരു കാലത്തും എതിരല്ലായെന്നും, സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് നിന്ന് തടസ്സങ്ങൾ ഉണ്ടാകുന്നു എന്നതരത്തിൽ വ്യാപക പ്രചരണം നടത്തി വരുന്നത് അടിസ്ഥാന രഹിതമാണെന്നും പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി ജി. സുധാകരൻ അറിയിച്ചു. ഈ പാതയുടെ ശത്രുക്കൾ നുണപ്രചാരകരാണെന്നും അവർ ഇതവസാനിപ്പിച്ച് ക്രിയാത്മകമായി നിലകൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാരിന് ഒപ്പം നിൽക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

കേരളത്തിന്റെയും കേന്ദ്രത്തിന്റെയും സംയുക്തസംരഭക കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ച പദ്ധതികളിൽ ഒന്നാണ് നിലമ്പൂർ - നഞ്ചൻകോട് റെയിൽപാത. കേരളത്തിന്റെ റെയിൽവേ വികസനത്തിന് പൊതുവേയും മലപ്പുറം, വയനാട് ജില്ലകളുടെ വികസനത്തിന് പ്രത്യേകിച്ചും ഉപകാരപ്രദമാകുന്ന നിലമ്പൂർ - സുൽത്താൻബത്തേരി - നഞ്ചൻകോട് റെയിൽപാതയുടെ നിർമ്മാണത്തിന് നിർണ്ണായക പുരോഗതി ഉണ്ടായത് എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമാണ്. സംയുക്ത സംരഭക പദ്ധതികളിൽ മുൻഗണന നൽകി കേരള റെയിൽ ഡവലപ്മെന്റ് കോർപ്പറേഷൻ പരിഗണിക്കുന്ന പദ്ധതികൾ ഉൾപ്പെടുത്തിയതും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ സാദ്ധ്യതാപഠനം നടത്തുന്നതിന് ചുമതലപ്പെടുത്തിയതും, ഡി.എം.ആർ.സിയുമായുള്ള ടേംസ് ഓഫ് റഫറൻസ് അംഗീകരിച്ച് 8 കോടി രൂപ ഇതിനായി അനുവദിക്കാൻ തീരുമാനിച്ചതും, കർണ്ണാടക ചീഫ് സെക്രട്ടറിയുമായി ഡോ. ഇ. ശ്രീധരന്റെയും കേരള ചീഫ് സെക്രട്ടറിയുടെയും സാന്നിദ്ധ്യത്തിൽ ചർച്ച നടത്തിയതും എൽ.ഡി.എഫ് സർക്കാരാണ്.

കേരളത്തിലെയും കർണ്ണാടകത്തിലേയും റിസർവ്വ് വനങ്ങൾ, ബന്ദിപ്പൂർ ദേശീയ ഉദ്യാനം, കടുവാ സങ്കേതം എന്നിവിടങ്ങളിലൂടെ നിർദ്ദിഷ്ട നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ ലൈൻ കടന്നു പോകുന്നതിനാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും മറ്റ് ഏജൻസികളുടെയും അനുവാദം സർവ്വെ നടത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമാണ്.

എന്നാൽ നിർദ്ദിഷ്ട റെയിൽപാത വനത്തിനടിയിലൂടെയുള്ള ടണലിലൂടെ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെങ്കിൽ 1980 ലെ വന സംരക്ഷണ നിയമത്തിന് വിധേയമായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ് സ്റ്റാന്റിംഗ് കമ്മിറ്റി, ദേശീയ കടുവാ സംരക്ഷണ അതോറിറ്റി എന്നിവയുടെ അനുവാദം ലഭിക്കേണ്ടതുണ്ട്. ആയതിന് ബന്ധപ്പെട്ട ഏജൻസി മുഖാന്തിരം അപേക്ഷ നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ സമർപ്പിച്ചാൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് അപേക്ഷ അയച്ചു കൊടുക്കാമെന്ന് അറിയിച്ചുകൊണ്ട് കർണ്ണാടക വനം വകുപ്പ് സെക്രട്ടറി ഒരു ജനപ്രതിനിധിയ്ക്ക് അയച്ച കത്തിന്റെ പകർപ്പ് അനൗദ്യോഗികമായി ലഭിച്ചിട്ടുണ്ട്. എന്നാൽ കേരള സർക്കാർ സർവ്വെയ്ക്ക്

അനുവാദം നൽകണമെന്നാവശ്യപ്പെട്ട് അയച്ച കത്തിന് കർണ്ണാടക സർക്കാർ ഇന്നു വരെ ഒരു മറുപടിയും നൽകിയിട്ടില്ല.

നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ പാതയ്ക്ക് ബദൽ പാതയായല്ല തലശ്ശേരി - മൈസൂർ റെയിൽ പാത നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. രണ്ട് പാതകളും കേരളത്തിന്റെ വികസനത്തിന് സഹായകരമാകുമെന്നതിനാൽ ഇത് പ്രാവർത്തികമാക്കുന്നതിന് സർക്കാരിന് യാതൊരു വിയോജിപ്പുമില്ല. നിലമ്പൂർ - നഞ്ചൻകോട് റെയിൽവേ ലൈൻ തുരങ്കപാതയായി നിർമ്മിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിന് ആവശ്യമായ പ്രാഥമിക സർവ്വെയ്ക്കുള്ള അനുവാദം ആവശ്യപ്പെട്ടുകൊണ്ടും പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ വിവിധ ഏജൻസികളുടെ ക്ലിയറൻസ് ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും കർണ്ണാടക അടിസ്ഥാന സൗകര്യ വികസന വകുപ്പ് മന്ത്രിയ്ക്കും കേന്ദ്ര റെയിൽവേ വകുപ്പ് മന്ത്രിയ്ക്കും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്കും കത്തുകൾ നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

ഈ റെയിൽപ്പാത നടപ്പാക്കാൻ ഒന്നും ചെയ്യാൻ കഴിയാത്തവർ കേന്ദ്രവും കേരളവും കർണ്ണാടകവും ഭരിച്ചപ്പോൾ ഒരു പ്രക്ഷോഭണവും ഇവർ നടത്തിയിരുന്നില്ല. റെയിൽവേ, ദേശീയപാത എന്നിവ രാഷ്ട്രീയപാർട്ടികൾ വഴി നിർമ്മിക്കാമെന്ന വ്യാമോഹം അവസാനിപ്പിക്കണം. കേന്ദ്ര, കേരള സർക്കാരുകളും കർണ്ണാടക സർക്കാരും ഒന്നിച്ച് കൈകോർക്കണം. അതിനായി ശ്രമിക്കുമ്പോൾ യോജിപ്പിന്റെ ചങ്ങല മുറിയ്ക്കുന്ന സമരങ്ങൾ ദ്രോഹകരമാണെന്ന് എല്ലാവരും മനസ്സിലാക്കണമെന്നും മന്ത്രി ജി.സുധാകരൻ അറിയിച്ചു.